# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2967

15.12.2015-ൽ മറുപടിയ്ക്ക്

### കോട്ടായി ഐ.എച്ച്.ആർ. ഡി കോളേജിന് കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോട്ടായി ഐ. എച്ച്. ആർ. ഡി (IHRD) കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ; | (എ) കോട്ടായി ഐ. എച്ച്. ആർ. ഡി കോളേജിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട്, PWD സമർപ്പിച്ച എസ്റ്റിമേറ്റ് സഹിതം, ഭരണാനുമതിക്കായി ധനകാര്യവകുപ്പിലേക്ക് ഫയൽ അയച്ചിരുന്നു. പ്രസ്തുത കോളേജിന്റെ നിലനിൽപ്പിനെക്കുറിച്ചും, സ്ഥാപനത്തിലെ കോഴ്സുകളുടെയും ഓരോ കോഴ്സുകളിലേയും വിദ്യാർത്ഥികളുടെ എണ്ണത്തെ സംബന്ധിച്ചും വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പിൽ നിന്നും ഫയൽ ഇപ്പോൾ ഉന്നത വിദ്യാഭ്യാസവകുപ്പിൽ മടക്കി അയച്ചുതന്നിരിക്കുകയാണ്. പ്രസ്തുത വിശദാംശങ്ങൾ IHRD-യിൽ നിന്നും ലഭ്യമാക്കി, ധനകാര്യ വകുപ്പിലേക്ക് ഭരണാനുമതിക്കായി അയയ്ക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | എത്ര രൂപയുടേതാണ് എസ്റ്റിമേറ്റ്; ഇതിന് ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 390/- ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് PWD സമർപ്പിച്ചത്. 2015 - 2016 വർഷം സർക്കാർ token provision വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉടൻ ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ഭരണാനുമതി ലഭിച്ചിട്ടില്ല. ഭരണാനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ ഒന്നുമില്ല. ധനകാര്യവകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉടൻ തന്നെ ഭരണാനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ